# കൊല്ലത്തെ കേരകർഷകന് നീരയിലൂ
# മാസവരുമാനം 87537 രൂപ

കൊല്ലം: മൈനാഗപ്പള്ളിയിലെ കേരകർഷകനായ മാധവൻകുട്ടിക്ക് തന്റെ 17 മൂട് തെങ്ങ് നീര ചെത്താൻ നൽകിയതിലൂടെ കിട്ടിയ വരുമാനം കേട്ടാൽ ഏതുബിസിനസ്സുകാരനും ഒന്നുഞെട്ടും. ആദ്യമാസം 87537 രൂപ. ഒരു തെങ്ങിൽ നിന്ന് ഒരുമാസം കിട്ടിയ നീരയാകട്ടെ 97 ലിറ്റർ. മുറ്റത്തും പറമ്പിലുമായി വല്ലപ്പോഴും തേങ്ങയും ഓലയും കോഞ്ഞാട്ടയുമൊക്കെ പൊഴിച്ചുനിന്ന തെങ്ങിനെ വരുമാനത്തിന്റെ നെടുംതൂണാക്കിമാറ്റാൻ ശ്രമിക്കുകയാണ് നീര വിപ്ലവത്തിലൂടെ നാളികേര വികസന ബോർഡും കേരകർഷകരുടെ ത്രിതല കൂട്ടായ്മകളും. സംസ്ഥാന എക്സൈസ് മന്ത്രി ശ്രീ.കെ.ബാബു ഇക്കഴിഞ്ഞ മെയ്മാസം ശിലാസ്ഥാപനം നിർവ്വഹിച്ച കേരളത്തിലെ ആദ്യനീരപ്ലാന്റിനുവേണ്ടി കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയാണ് പരിശീലനം നേടിയ പരമ്പരാഗത ചെത്തുതൊഴിലാളികളുൾപ്പെടെയുള്ള 30 നീര ടെക്നീഷ്യന്മാരെക്കൊണ്ട് ജില്ലയിലെ 480 തെങ്ങുകൾ ചെത്തിത്തുടങ്ങിയത്. മറ്റു കർഷകർക്കും ഇതേ അനുപാതത്തിൽ തെങ്ങുകളുടെ എണ്ണത്തിനനുസരിച്ചുള്ള വരുമാനം ലഭിച്ചു. ഇത്രയും തെങ്ങുകൾ ദിവസേന രണ്ടുനേരം മാത്രം ചെത്തിയപ്പോൾ ശരാശരി 110 മുതൽ 150 ലിറ്റർ വരെ നീരലഭിച്ചു. ഇതിൽ 400 ലിറ്റർ നീര തേനായി മാറ്റിക്കഴിഞ്ഞു. കൂടാതെ 47 കിലോ നീര ജാമും തയ്യാറാക്കി. ചെത്തിയെടുത്ത ബാക്കി നീര ശീതളപാനീയമായി വിപണിയിലെത്തിക്കാൻ ഹോർട്ടികോർപ്പിനു കൈമാറും. കൊല്ലത്തെ ആശ്രാമം മൈതാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മേളയിലെ വനിതാമാക്സിന്റെ സ്റ്റോളിൽ നീര ഡ്രിങ്ക് ഇപ്പോൾ ലഭ്യമാണ്.

വില 200 ലിറ്ററിന് 25 രൂപ. തുടർന്നുള്ള മാസങ്ങളിൽ എക്സൈസ് വകുപ്പ് മാർക്കുചെയ്ത മറ്റു കർഷകരുടെ തെങ്ങുകൾ നീരയ്ക്കായി ചെത്തും. നീരചെത്തുന്നതിനും പുളിക്കാതെ സംസ്കരിച്ചെടുക്കുന്നതിനുമായി കമ്പനി ഉപയോഗിച്ചുവരുന്നത് ബോർഡിന്റെ തന്നെ സാങ്കേതികവിദ്യയാണ്.

കേരളത്തിലെ കേരകാർഷിക രംഗത്തെ ഉയർത്തിയെടുക്കാൻ നീരയിലൂടെ സാധ്യമാകുമെന്നും കൊല്ലത്തെ നാളികേര കർഷകനും കൈപ്പുഴ നാളികേര ഉത്പാദക കമ്പനി ചെയർമാനുമായ ഷാജഹാൻ കാഞ്ഞിരവിളയിൽ അഭിപ്രായപ്പെട്ടു. നീര ആദ്യം വിപണിയിലെത്തിച്ച പാലക്കാട് നാളികേര ഉത്പാദക കമ്പനി ഇക്കഴിഞ്ഞ ആഗസ്റ്റിൽ ഒന്നരമാസം കൊണ്ട് നീരചെത്തിയതിന് പാലക്കാട് മുതലമടയിലെ കർഷകനായ ടോം തോമസിന് വിതരണം ചെയ്ത ഉയർന്ന തുക 55000
രൂപയായിരുന്നു. ഇതും 1
ങ്ങുകൾക്ക് തന്നെ. അന്ന്
രു കർഷകനായ പെരി
ക്കാട് സ്വദേശി ഉതുപ്പിന്റെ
ങ്ങുകൾക്ക് ഒന്നരമാസത്തെ
തിഫലം 22879 രൂപയും ഇ
പ്പാറ സ്വദേശി ഫാ.തോമസ
ത്തുതെങ്ങുകൾക്ക് 11599
യുമടക്കം 75000 രൂപയാ
ന്നുകർഷകരുടെ ആദായ
ടൽത്തീരമേഖലകളിലെ
കളിൽ നിന്ന് കൂടുതൽ
ഭിക്കുന്നതായി ഈ ഉത്പാ
ത്യാസം ചൂണ്ടിക്കാട്ടുന്നു.